പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4539

26/06/2014 -ൽ മറുപടിക്ക്

## മാതൃകാപ്രമാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കുന്നതിൽ കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായിട്ടുണ്ട്. |
| ബി) രജിസ്ട്രേഷൻ വകുപ്പിൽ ഏതൊക്കെ ത്തരം ഇടപാടുകൾക്കാണ് മാതൃകാ പ്രമാണം നടപ്പാക്കാൻ മന്ത്രിസഭ അംഗീകാരം നൽകിയിരുന്നത് എന്ന് വ്യക്തമാക്കുമോ ; | ബി) ജി.ഒ(ആർറ്റി) നമ്പർ 545/13/റ്റിഡി തീയതി 16/07/2013 പ്രകാരം 19 തരം മാതൃകാപ്രമാണങ്ങൾക്കാണ് സർക്കാർ അംഗീകാരം നൽകിയത്.<br>വിലയാധാരം, പരസ്പരമാറ്റാധാരം, ഭാഗപത്രം, ദാനാധാരം, ധനനിശ്ചയാധാരം, ഒഴിവുകുറി ആധാരം, അനുമതി കരാർപത്രം, അവകാശ ആധാരനിക്ഷേപ പത്രം (deposit of title deed), കൂട്ടുകച്ചവടാധാരം, ദത്തെടുപ്പാധാരം, പ്രത്യേക മുക്ത്യാർ, വാടകച്ചീട്ട്, പിഴതിരുത്താധാരം, പൊതുകാര്യ ട്രസ്റ്റ് ആധാരങ്ങൾ, നഷ്ടോത്തരവാദ കരണം, റദ്ദാധാരം, വിൽപ്പത്രം, സമ്മതാധാരം, പൊതുവക്കാലത്ത് എന്നിവയ്ക്കുള്ള മാതൃകാ പ്രമാണങ്ങൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| സി) മാതൃകാപ്രമാണം നിലവിൽ വരുമ്പോൾ രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ എന്തൊക്കെയായിരിക്കും എന്ന് വ്യക്തമാക്കുമോ ; | സി) മാതൃകാ പ്രമാണങ്ങൾക്കായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. മാതൃകാ പ്രമാണങ്ങൾ കക്ഷികളുടെ സൗകര്യാർത്ഥം പ്രമാണങ്ങൾ |

ചമയ്ക്കുന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശം മാത്രമാണ്. ഈ മാതൃകകൾ ഉപയോഗിച്ചും അല്ലാതെയും ആധാരമെഴുത്തുകാർക്ക് ആധാരം തയ്യാറാക്കി കക്ഷികൾക്ക് നൽകാവുന്നതാണ്. ചില സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ആധാരം എഴുതികൊടുക്കുന്ന കക്ഷിക്ക് ആധാരം തയ്യാറാക്കാനുള്ള അവകാശം കേരളത്തിൽ ഇല്ലാത്തതിനാൽ, സർക്കാർ ആവശ്യത്തിനുള്ളവയോ, അല്ലാതുള്ളവയോ ആയ എല്ലാ ആധാരങ്ങളും വിൽപ്പത്രങ്ങളും തയ്യാറാക്കേണ്ടത് ആധാരമെഴുത്ത് ലൈസൻസികൾതന്നെയാണ്. ആധാരമെഴുത്ത് ലൈസൻസി ആധാരം തയ്യാറാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുകയും അവരിൽനിന്ന് ആധാരമെഴുത്ത് ലൈസൻസ് റൂൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രസീത് നൽകി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ തയ്യാറാക്കി ലഭിക്കുന്ന ആധാരങ്ങൾ കക്ഷികൾ നേരിട്ട് സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കി സമ്മതം രേഖപ്പെടുത്തി നൽകണം. തുടർന്ന്, രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആധാരം തിരികെ നൽകുന്നതാണ്.

| | |
|---|---|
| ഡി) പ്രസ്തുത മാതൃകാപ്രമാണം എന്നു മുതൽ നിലവിൽവരും എന്ന് വ്യക്തമാക്കുമോ ? | ഡി) മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ചുള്ള രജിസ്ട്രേഷൻ എന്നു മുതൽ നടപ്പിലാക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.